പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1069.

13.6.2013 ൽ മറുപടിക്ക്

**കോളേജുകളെ സ്വയംഭരണ സ്ഥാപനങ്ങളാക്കുന്ന നടപടി.**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീമതി. കെ.എസ്.സലീഖ. | ശ്രീ.പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ കോളേജുകളെ"സ്വയം ഭരണ സ്ഥാപനങ്ങൾ" ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആദ്യഘട്ടത്തിൽ ഏതൊക്കെ കോളേജുകളെയാണ് ആയതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | എ) ഉണ്ട്. സ്വയംഭരണാവകാശം നൽകുന്നതിന് ഉദ്ദേശിക്കുന്ന കോളേജുകളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല. |
| ബി) അംബാനി–ബിർള റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം 'യൂസർ ഫീ' വഴി വിദ്യാഭ്യാസത്തിന്റെ ചെലവ് പൂർണ്ണമായും ഉപയോക്താവിൽനിന്നും ഈടാക്കണമെന്നുള്ള നിർദ്ദേശം നടപ്പിലാക്കിയതിന്റെ ഭാഗമായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ സ്വയംഭരണ പദവി നൽകാൻ 2001–ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) യും സി) യും. മുകേഷ് അംബാനി- കുമാരമംഗലം ബിർള റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) എങ്കിൽ 'സ്വയംഭരണം' എന്ന 2001–ലെ യു.ഡി.എഫ്. സർക്കാരിന്റെ തീരുമാനത്തിനെതിരെ ജനകീയ പ്രക്ഷോഭം വന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീരുമാനം മാറ്റിയത് ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വിശദമാക്കുമോ? | |
| ഡി) 'സ്വയംഭരണ കോളേജുകൾ' വിദ്യാഭ്യാസ രംഗത്ത് വർഗീയവത്കരണവും വാണിജ്യവത്കരണവും സൃഷ്ടിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | ഡി) ഇല്ല. |
| ഇ) 'സ്വയംഭരണ കോളേജുകൾ' തെരഞ്ഞെടുക്കുന്നതിനുള്ള സമിതിയുടെ അംഗ | ഇ) യുജിസി നിബന്ധനകൾക്ക് വിധേയമായി സ്വയംഭരണാവകാശത്തിന് അർഹമായ |

| | | | |
|---|---|---|---|
| | ങ്ങൾ ആരെല്ലാം; ഇതിന്റെ ചെയർമാൻ ആരാണ്; ഇത് യുജി.സി. നിബന്ധനകൾക്ക് വിധേയമാണോ; വിശദമാക്കുമോ; | | കോളേജുകളെ തിരഞ്ഞെടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായ ഒരു സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.<br>വിദ്യാഭ്യാസ വകുപ്പ് മന്ത്രി –ചെയർമാൻ<br>വൈസ് ചെയർമാൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ. -- വൈസ് ചെയർമാൻ.<br>ധനകാര്യ വകുപ്പ് സെക്രട്ടറി -- മെമ്പർ.<br>ചെയർമാൻ നിർദ്ദേശിക്കുന്ന അംഗീകൃത സർവ്വകലാശാലയുടെ വൈസ് ചാൻസലർ - മെമ്പർ.<br>സർക്കാർ നിർദ്ദേശിക്കുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ ഒരു അംഗം -- മെമ്പർ.<br>നിയമ വകുപ്പ് സെക്രട്ടറി – മെമ്പർ.<br>ഉന്നത വിദ്യാഭ്യാസവകുപ്പ് സെക്രട്ടറി -- മെമ്പർ സെക്രട്ടറി. |
| എഫ്) | കോളേജുകളെ 'സ്വയംഭരണ' സ്ഥാപനങ്ങൾ ആക്കാനുള്ള തീരുമാനം പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | എഫ്) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ